(ബി) ഈ പദ്ധതികൾ എപ്പോൾ ആരംഭിക്കുമെന്നും എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പദ്ധതികൾക്ക് യഥാക്രമം എന്തുതുക ചെലവഴിക്കപ്പെട്ടു എന്ന് അറിയിക്കുമോ ;

(ഡി) തലസ്ഥാന മേഖലയുടെ കിഴക്കൻ പ്രദേശങ്ങളായ തിരുമല, വട്ടിയൂർക്കാവ് വില്ലേജുകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) തലസ്ഥാന വികസന പരിപാടിയിൽ ഉൾപ്പെടുത്തി 13 കുടിവെള്ള പദ്ധതികളാണ് ആരംഭിക്കുന്നത്. അവയുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി&സി) പദ്ധതിയുടെ വിശദാംശങ്ങൾക്ക് അന്തിമ രൂപമായിട്ടില്ല.

(ഡി) തിരുവനന്തപുരം ശുദ്ധജലവിതരണ പദ്ധതിയുടെ ഇടക്കാല വിപുലീകരണത്തിൽ ഉൾപ്പെടുത്തി ഒരു ജല ശുദ്ധീകരണശാല (16 എം. എൽ. ഡി) പി. ടി. പി. നഗറിൽ നിർമ്മിച്ചു വരുന്നു. ഈ വർഷാവസാനത്തോടുകൂടി ഇതിന്റെ പണി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. പൂർത്തിയാകുമ്പോൾ തിരുമല, വട്ടിയൂർക്കാവ്, കാഞ്ഞിരംപാറ, പി. ടി. പി. നഗർ എന്നിവിടങ്ങളിൽ ഭാഗികമായി ജലവിതരണം മെച്ചപ്പെടുന്നതാണ്.

ഈസ്റ്റ് എളേരി പഞ്ചായത്തിലെ വെള്ളടുക്കാ കുടിവെള്ള പദ്ധതി

59 (4667) ശ്രീ. കെ. പി. സതീഷ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിലെ ഈസ്റ്റ് എളേരി പഞ്ചായത്തിലെ വെള്ളടുക്കാ കുടിവെള്ള പദ്ധതിയുടെ വൈദ്യുതീകരണ പ്രവൃത്തികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ ?

കാസർഗോഡ് ജില്ലയിലെ വെള്ളടുക്കാകുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികളെല്ലാം തന്നെ 2003 മാർച്ച് മാസത്തോടെ പൂർത്തീകരിച്ചു. പദ്ധതിയുടെ വൈദ്യുതീകരണത്തിനായി 150 മീറ്റർ 11 കെ. വി. ലൈനും 1000 മീറ്റർ എൽ. ടി. ലൈനും നീട്ടേണ്ടതും ഒരു 110 കെ. വി. ട്രാൻസ്ഫോർമർ സ്ഥാപിക്കേണ്ടതും ആവശ്യമാണെന്ന് കെ. എസ്. ഇ. ബി. അധികൃതർ അറിയിച്ചിട്ടുണ്ട്. അതിലേയ്ക്കായി 6.8 ലക്ഷം രൂപ കെ. എസ്. ഇ. ബി. യിലേക്ക് അടക്കേണ്ടതുണ്ട്. ഇതിൽ 1.90 ലക്ഷം രൂപ ഈസ്റ്റ് എളേരി പഞ്ചായത്ത്, ഗ്രാമപഞ്ചായത്തിന്റേയും നീലേശ്വരം ബ്ലോക്ക് പഞ്ചായത്തിന്റേയും വിഹിതമായി കേരളാവാട്ടർ അതോറിറ്റിയുടെ കാസർഗോഡ് ഡിവിഷൻ ഓഫീസിൽ നൽകിയിട്ടുണ്ട്. ഇതനുസരിച്ച് കെ.എസ്.ഇ.ബി.യിൽ അടയ്ക്കാനുള്ള തുക അടയ്ക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു.

---

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly